# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1368 — 11.06.19 ൽ മറുപടിക്ക്

### വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ശമ്പളം

**ചോദ്യം**

**ശ്രീ.സി.മമ്മൂട്ടി**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) റവന്യൂ വകുപ്പിലെ വില്ലേജ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസയോഗ്യത ലോവർ ഡിവിഷൻ ക്ലാർക്കിന് തുല്യമായതിനാലും വില്ലേജ് ഓഫീസിലെ എല്ലാവിധ നികുതിയും പിരിച്ചെടുക്കുന്നതിന് അധികാരം നൽകിയിരിക്കുന്നതിനാലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ശമ്പളത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(എ) ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് തുല്യമാണെങ്കിലും വില്ലേജ് മാന്വൽ പ്രകാരം വില്ലേജ് അസിസ്റ്റന്റിന്റെ കടമകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനേക്കാൾ വളരെ അധികമായതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ശമ്പളത്തിൽ മാറ്റം വരുത്താൻ കഴിയില്ല എന്ന് സർക്കാർ 08.03.18 ലെ സ.ഉ(സാധാ)നം 1743/2018/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഈ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ പ്രമോഷൻ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി) 3.1.2014 ലെ സ.ഉ.(പി) നം. 1/2014 ഉ.ഭ.പ.വ. പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് (ഫീൽഡ് അസിസ്റ്റന്റുൾപ്പെടെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടേയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**